വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണം അദാനി ഗ്രൂപ്പിനെ ഏൽപ്പിച്ച നടപടി

57(5642) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണം അദാനി ഗ്രൂപ്പിനെ ഏൽപ്പിക്കാൻ "ലെറ്റർ ഓഫ് അവാർഡ് " പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

അദാനി പോർട്ട്സ് ആൻഡ് സ്പെഷ്യൽ എക്കണോമിക് സോൺ ലിമിറ്റഡിന് ലെറ്റർ ഓഫ് അവാർഡ് 13-7-2015-ന് നൽകിയിട്ടുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

58(5643) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളത് ;

(ബി) തുറമുഖത്തിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) തുറമുഖ പദ്ധതി ആരംഭിക്കുന്നതിന് സർക്കാരും അദാനി പോർട്ട്സ് & സ്പെഷ്യൽ ഇക്കണോമിക് സോൺ ലിമിറ്റഡും തമ്മിൽ കൺസഷൻ എഗ്രിമെന്റ് ഒപ്പുവയ്ക്കണം. കൺസഷൻ എഗ്രിമെന്റ് 2015 ആഗസ്റ്റ് മാസം 17-ാം തീയതിയാണ് ഒപ്പുവയ്ക്കാൻ തീരുമാനിച്ചിരിക്കുന്നത്. അതിനുശേഷമാണ് കരാർ പ്രകാരമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്.

(ബി) കൺസഷൻ എഗ്രിമെന്റ് ഒപ്പുവച്ചതിനുശേഷം ആറു മാസത്തിനുള്ളിൽ ഫിനാൻഷ്യൽ ക്ലോഷർ ചെയ്യണമെന്നാണ് വ്യവസ്ഥ. ഇതിനുശേഷം നാല് വർഷത്തിനുള്ളിൽ ആദ്യഘട്ട നിർമ്മാണം പൂർത്തീകരിക്കണം.

വിഴിഞ്ഞം പദ്ധതിക്കായി പ്രത്യേക കമ്പനി

59(5644) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം പദ്ധതിക്കായി പൊതു സ്വകാര്യ പങ്കാളിത്തമുള്ള പ്രത്യേക കമ്പനി രൂപീകരിക്കാൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്ന് എന്നാണ് അനുമതി വാങ്ങിയതെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly